# ദേശീയ ഗ്രന്ഥാലയം എന്തായിരിക്കണം

**- ആർ. രാമൻനായർ -**

മനുഷ്യനെ വേർതിരിക്കുന്ന ഭൂമിശാസ്ത്രപരവും ഭാഷാപരവും സാമ്പത്തികവുമായ അതിർവരമ്പുകളെ കടന്ന് ദേശത്തെ ഓരോ പൗരന്റെയും വിജ്ഞാനാവശ്യങ്ങൾ നിറവേറ്റാൻ പാകമായ ഒന്നാവണം നമ്മുടെ ദേശീയ ഗ്രന്ഥാലയം. ഈ ലക്ഷ്യത്തെ മുൻനിർത്തി കോടിക്കണക്കിന് ധനം ദുർവ്യയം ചെയ്ത് നിലനിർത്തിയിരിക്കുന്ന നമ്മുടെ ദേശീയ ഗ്രന്ഥാലയം ഇന്ന് സമൂഹത്തിലെ ഉത്തരശ്രേണിയിലുള്ള വിരലിലെണ്ണാവുന്നവർക്ക് മാത്രം സമീപിക്കാവുന്ന സ്ഥാപനമായി നിലനില്ക്കുന്നു. അതുകൊണ്ടുതന്നെയാണ് അതിനെ പുനഃസംവിധാനം ചെയ്യണമെന്ന ആവശ്യം സമൂഹത്തിലെ സാംസ്കാരികരംഗത്തു പ്രവർത്തിക്കുന്നവരിൽനിന്നും പൊന്തിവരാനിടയായതും. പക്ഷെ ആ നിർദ്ദേശങ്ങളിലെല്ലാം ദേശീയ ഗ്രന്ഥാലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ അടിസ്ഥാനപരമായ വീക്ഷണവൈകല്യവും, പുനഃസംവിധാനത്തെക്കുറിച്ചുള്ള സമീപനരീതിയിൽ അപ്രായോഗികതയും പ്രകടമാക്കുന്നുണ്ട്.

ഒരു ഗ്രന്ഥാലയത്തെ ദേശീയ ഗ്രന്ഥാലയമാക്കി മാറ്റുന്ന അടിസ്ഥാന സ്വഭാവ വിശേഷങ്ങൾ എന്തൊക്കെയാണ്. ഗ്രന്ഥാലയത്തിലെ ഗ്രന്ഥശേഖരത്തിന്റെ സമഗ്രതയും അതിന്റെ സേവനമെത്തിക്കുന്ന പ്രദേശത്തിന്റെ

കൊണ്ടുതന്നെ ലക്ഷ്യങ്ങൾ നേടുവാൻ വേണ്ട വിധത്തിൽ ആവണം ദേശീയ ഗ്രന്ഥാലയം സംവിധാനം ചെയ്യേണ്ടത്. അല്ലാതെ മറ്റൊരു ദേശീയഗ്രന്ഥാലയത്തെ അതേപടി അനുകരിക്കുന്നതും സാദ്ധ്യമല്ല. ഒരു ദേശീയ ഗ്രന്ഥാലയം ആ ദേശത്തുണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ എല്ലാ രേഖകളുടെയും ഏറ്റവും പൂർണ്ണമായ ശേഖരം സംഭരിച്ച് സംരക്ഷിക്കണം. ആ ദേശത്തെ പ്രസിദ്ധീകൃതമാകുന്ന കൃതികൾ കാലാകാലങ്ങളിൽ സംഭരിക്കുവാൻ വേണ്ട ഏർപ്പാടുകൾ ദേശീയ ഗ്രന്ഥാലയത്തിന് ഉണ്ടാകണം. കൂടാതെ ആ ദേശത്തെക്കുറിച്ച് ലേകമെമ്പാടും പ്രസിദ്ധീകൃതമാകുന്ന രേഖകകളും പുസ്തകങ്ങളും പൂർണ്ണമായി സംഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. മറ്റ് രാജ്യങ്ങളിലെ ദേശീയ ഗ്രന്ഥാലയങ്ങളുമായി സഹകരിച്ച് അവയൊക്കെ ലഭ്യമാകാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. ആ ദേശത്തെ സംബന്ധിക്കുന്ന അറിവിന്റെ പൂർണ്ണമായ ശേഖരമായിരിക്കണം അവിടത്തെ ദേശീയ ഗ്രന്ഥാലയം.

ഓരോ ദേശത്തെയും എല്ലാ ഗ്രന്ഥാലയങ്ങൾക്കും നേതൃത്വം നൽകുന്ന ഒരു കേന്ദ്ര സ്ഥാപനം ആയിരിക്കണം ദേശീയ ഗ്രന്ഥാലയം. പൊതു ഗ്രന്ഥശാലകൾ, സർവകലാശാലാ ലൈബ്രറികൾ, വിവിധ

മാക്കി ഉയർത്തുകയും ഡലിവറി ഓഫ് ബുക്സ് ആൻഡ് ന്യൂസ് പേപ്പേഴ്സ് ആക്ട് അനുസരിച്ച് ഇൻഡ്യയിൽ പ്രസിദ്ധീകൃതമാകുന്ന എല്ലാ ഗ്രന്ഥങ്ങളുടെയും ഒരു കോപ്പി അതിനു ലഭിക്കുന്നത് നിയമവിധേയമാക്കുകയു. ഉണ്ടായി. എങ്കിലും മുൻവിവരിച്ചതരത്തിൽ പ്രവർത്തനത്തിലും ഉപയോഗത്തിന്റെ കാര്യത്തിലും ഒരു ദേശീയ ഗ്രന്ഥാലയത്തിന്റെ സ്വഭാവം കൈവരിക്കാൻ കോടിക്കണക്കിന് രൂപ ചെലവ് ചെയ്ത് നാം നിലനിർത്തുന്ന കൽക്കത്തയിലെ ദേശീയ ഗ്രന്ഥാലയത്തിന് കഴിഞ്ഞിട്ടില്ലെന്നത് ഖേദകരമാണ്.

നമ്മുടെ രാജ്യത്തെ മുദ്രിത സമ്പത്തിന്റെ കാര്യത്തിൽകൂടി പൂർണത കൈവരിക്കാൻ അതിന് കഴിഞ്ഞിട്ടില്ല. ഇന്നത്തെ നില തുടരുന്നതായാൽ ഭാവിയിലും അത് സാദ്ധ്യമായെന്ന് വരില്ല. ഇന്ത്യൻ പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ചിടത്തോളം ചില വാല്യങ്ങൾ ഇല്ലാത്തൊരു വിജ്ഞാനകോശം പോലെയാണ് അപൂർണമായ കൽക്കത്തയിലെ ദേശീയ ഗ്രന്ഥാലയത്തിലെ ഭാരതീയ വിജ്ഞാനശേഖരം.

ഉപയോഗത്തിന്റെ കാര്യത്തിൽ ഈ ലൈബ്രറിക്ക് ദേശീയമായ വ്യാപ്തി ഇല്ലെന്ന് തന്നെയാണ് ഈ ലൈബ്രറിയിലെ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു വർഷം ആ ലൈബ്രറി ഉപ

നാഷണൽ ലൈബ്രറിയെക്കുറിച്ച് ഇതുവരെയുള്ള ചിന്തകളെല്ലാം മിക്കവാറും അതിന്റെ ഇന്നത്തെ ചട്ടക്കൂട്ടിനുള്ളിലൊതുങ്ങി. അതിന്റെ സംവിധാനത്തിലെ തകരാറുകൾ ചൂണ്ടിക്കാട്ടി അവ എങ്ങനെ ഒഴിവാക്കാമെന്ന് നിർദ്ദേശിക്കുന്നു. കെ. എം. ഗോപി, പി. എം. കൗള, നീലമേഘൻ തുടങ്ങിയവരുടെ പഠനങ്ങളാണ്. അവയൊന്നുംതന്നെ കല്ക്കത്തായിൽ നിലവിലുള്ള ഇന്നത്ത ഗ്രന്ഥാലയം എങ്ങനെ സംവിധാനം ചെയ്യണമെന്നതിനപ്പുറത്തേയ്ക്ക് പോയി ശേഖരത്തിന്റെയും, പ്രവർത്തനമേഖലയുടെയും ഉപയോഗത്തിന്റെയും കാര്യത്തിൽ ദേശീയസ്വഭാവം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഉൾക്കാഴ്ചയുള്ള പഠനങ്ങൾ ഇല്ല. അവരുടെ പഠനങ്ങളിൽ ഇന്നത്തെ ലൈബ്രറിയുടെ ആന്തരിക സംവിധാനക്രമങ്ങൾ കാര്യക്ഷമമാക്കാനാകുന്ന നിരവധി നിർദ്ദേശങ്ങളുണ്ട്. അവയോടൊപ്പം ഇന്നത്തെ ദേശീയ ഗ്രന്ഥശാലയുടെ സ്ഥാനം കൽക്കത്തയിൽനിന്നും ദൽഹിയിലേയ്ക്ക് മാറ്റിയാൽ അതിന് ദേശീയസ്വഭാവം കൈവരുമെന്ന് കരുതാനാണ് ഇവർക്കേറെയും ഇഷ്ടം. നമ്മുടെ ദേശീയ ഗ്രന്ഥാലയത്തെക്കുറിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട കമ്മിറ്റികളും ഈ വൃത്തത്തിനുള്ളിൽനിന്നു പുറത്തുകടന്ന് ഉൾക്കാഴ്ചയുള്ള നിർദ്ദേശങ്ങ

ഗ്രന്ഥയും അതിന്റെ സേവനമെത്തിക്കുന്ന പ്രദേശത്തിന്റെ വൈപുല്യവുമല്ലാതെ മറ്റൊന്നുമല്ല. ഒരു ദേശീയ ഗ്രന്ഥാലയം ആ ദേശത്ത് പ്രസിദ്ധീകൃതമാകുന്ന എല്ലാ കൃതികളും ആ ദേശത്തെക്കുറിച്ച് ലോകത്ത് മറ്റെല്ലായിടത്തും പ്രസിദ്ധീകൃതമാകുന്ന എല്ലാ രേഖകളും ഭാഷാമാദ്ധ്യമ ഭേദമില്ലാതെ ഉപയോഗത്തിനായി സംഭരിച്ചു സൂക്ഷിക്കുന്ന സ്ഥാപനമാവണം. അവ വർത്തമാനകാല തലമുറയ്ക്ക് പൂർണമായും ഉപയോഗപ്പെടുന്നതോടൊപ്പം വരുംതലമുറകളിൽപ്പെട്ടവരുടെ ആവശ്യത്തിനായി കാത്തുസൂക്ഷിക്കുകയുംവേണ്ടിയിരിക്കുന്നു. ഉപയോഗത്തിനും സംരക്ഷണത്തിനും തുല്യ പ്രാധാന്യം കൊടുക്കണം.

ഭൂമിശാസ്ത്രപരമായി ഒരു ഗ്രന്ഥാലയത്തിന്റെ സേവനപരിധിയെ ആശ്രയിച്ചാണ് ആ ഗ്രന്ഥശാലയെ ദേശീയഗ്രന്ഥാലയമായി കണക്കാക്കേണ്ടതെന്നിരിക്കെ ഉപയോഗത്തിന്റെ കാര്യത്തിൽ തീർച്ചയായും അതിന് ദേശീയ സ്വഭാവം വേണ്ടിയിരിക്കുന്നു. അപ്പോൾ ഒരു ദേശത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാദേശികതയുടെ പരിമിതിയില്ലാതെ ഉപയോഗിക്കപ്പെടാനാവുന്ന ഒരു ഗ്രന്ഥാലയമേ ദേശീയ ഗ്രന്ഥാലയമാകൂ.

അന്തർദേശീയ ലൈബ്രറി ധനസഹായ സംഘടനകൂടിയായ യൂണസ്കോയുടെ ദേശീയ ഗ്രന്ഥശാലകളുടെ പ്രവർത്തനപരിധിയെയും ലക്ഷ്യങ്ങളെയും കുറിച്ചുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഭാരതത്തിലെ ദേശീയഗ്രന്ഥാലയം അതിന്റെ ഭൂമിശാസ്ത്ര സാംസ്കാരിക പ്രത്യേകതകൾക്കനുസൃതമായി എങ്ങനെയാവണമെന്ന് നോക്കാം.

വിവിധദേശീയ ഗ്രന്ഥാലയങ്ങൾ തമ്മിൽ അവയുടെ സ്വഭാവത്തിലും സംവിധാനത്തിലും പ്രവർത്തന രീതികളിലുമൊക്കെ ഐകരൂപ്യം പ്രതീക്ഷിക്കാനാവില്ല അതിന്റെ ആവശ്യവുമില്ല. ഓരോ ദേശത്തിന്റെയും പ്രത്യേക പ്രാദേശീയ സാഹചര്യങ്ങൾക്കുള്ളിൽനിന്നു ഗ്രന്ഥശാലകൾ, സർവകലാശാലാ ലൈബ്രറികൾ, വിവിധ സ്പെഷ്യൽ ലൈബ്രറികൾ, എന്നിവയ്ക്ക് വിജ്ഞാന വിതരണത്തിനും സഹകരണത്തിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതും ദേശീയ ഗ്രന്ഥശാലയുടെ കടമയാണ്. മറ്റു രാജ്യങ്ങളിലെ ദേശീയ ഗ്രന്ഥാലയങ്ങളുമായി സഹകരിച്ച് ശാസ്ത്രസാങ്കേതിക വിഷയങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ കാലാകാലങ്ങളിൽ ആ ദേശത്ത് അതാതു വിഷയങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾക്ക് ലഭ്യമാക്കാൻ ആവശ്യമായ ഏർപ്പാടുകൾ ചെയ്യണം.

ആ ദേശത്തെ വിവിധ പുസ്തകശേഖരങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ച് ആവശ്യാനുസരണം പുസ്തകകൈമാറ്റം വ്യത്യസ്ഥപ്രദേശങ്ങളിലെ ലൈബ്രറികൾ തമ്മിൽ നടത്താനടകുന്ന ഒരു ശൃംഗലയിലെ പ്രധാനഗ്രന്ഥശേഖരമാവണം ദേശീയ ഗ്രന്ഥശാലയുടേത്, ദേശീയ ഗ്രന്ഥസൂചി നിർമ്മാണവും മറ്റും അതിന്റെ ഭാഗം തന്നെയാവണം.

ഇങ്ങനെ ദേശീയമായ വിജ്ഞാനം പൂർണമായും ആ ദേശത്താകമാനം ഉപയോഗപ്പെടുത്താൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തണം. ഗ്രാമീണഗ്രന്ഥാലയങ്ങൾ ഉൾപ്പെടെയുള്ള ലൈബ്രറി ശൃംഖലയിലൂടെ ദേശീയ ഗ്രന്ഥാലയത്തിന്റെ ശേഖരത്തെക്കുറിച്ചും അവയുടെ ലഭ്യതയെക്കുറിച്ചുമൊക്കെരാജ്യത്തെമ്പാടുമുള്ള ജനങ്ങളെ അറിയിക്കുകയും, അവആവശ്യമെങ്കിൽ എത്തിച്ചുകൊടുക്കുകയും ചെയ്യണം. ഭാഷയുടെ സീമകൾക്കപ്പുറവും കടന്ന് അന്യഭാഷാഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്താനാവുന്ന തരത്തിൽ വിവർത്തനത്തിന് സാഹചര്യം ഒരുക്കേണ്ടതും ദേശീയ ഗ്രന്ഥാലയ സംവിധാനത്തിന്റെ കടമയാണ്. ഈ കടമകൾ വേണ്ടവിധം നിർവഹിക്കുന്ന കാര്യത്തിൽ നമ്മുടെ ദേശീയ ഗ്രന്ഥാലയം എത്ര വിജയിച്ചുവെന്ന് നോക്കാം.

സ്വാതന്ത്ര്യത്തിനുശേഷംകൽക്കത്തയിലെ ഇമ്പീരിയൽ ലൈബ്രറിയെ ദേശീയഗ്രന്ഥാലയ

ക്കുകൾ സൂചിപ്പിക്കുന്നത്. ഒരു വർഷം ആ ലൈബ്രറി ഉപയോഗപ്പെടുത്തുന്നവരിൽ 99.4% പേരും കൽക്കത്താനഗരത്തിൽ നിന്നുള്ളവരാണ് നിസാരമായ 0.6% പേരാണ് ആ നഗരത്തിന്റെ പരിധിയ്ക്കുപുറത്തുനിന്നും ഈ സ്ഥാപനം ഉപയോഗപ്പെടുത്താനെത്തുന്നത് അവരിൽ തന്നെ ആ സംസ്ഥാനത്തിന് വെളിയിൽ നിന്നുമെത്തുന്നവർ എത്രകുറവായിരിക്കണം അവരിൽ നല്ലൊരുപങ്കും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, ഉയർന്നവരുമാകണം. അങ്ങനെ ഒരു ദേശത്തിന്റെ ദേശീയ സ്വത്തായ ഒരു ലൈബ്രറി ഒരു നഗരത്തിലെ ജനങ്ങൾക്ക് മാത്രമെ ഇന്നോളം ഉപയോഗപ്പെടുന്നുള്ളുവെന്നത് അതിന്റെ സംവിധാനവും പ്രവർത്തനരീതികളും പുന:സംവിധാനം ചെയ്യണമെന്ന ആവശ്യത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. ഭാരതീയ ജനസംഖ്യയുടെ 80% വരുന്ന ഗ്രാമീണരെയുംകൂടി കണക്കിലെടുക്കാതെയുള്ള സേവന സംവിധാനമാണ് ഇന്നത്തെ ദേശീയ ഗ്രന്ഥാലയത്തിനുള്ളത്. നമ്മുടെ ഗ്രാമീണരും അവർക്കായി ഒരു ദേശീയഗ്രന്ഥാലയമുണ്ടെന്ന് അറിയണമെങ്കിൽ, ആവശ്യമെങ്കിൽ അവർക്ക് അത് ഉപയോഗപ്പെടുത്താനാകണമെങ്കിൽ ഓരോ പ്രാദേശികഗ്രന്ഥശാലയും ഈ ദേശീയ ഗ്രന്ഥശാലയിലേയ്ക്കുള്ള പ്രവേശനകവാടങ്ങളാവണം. നമ്മുടെ രാജ്യത്തെ എല്ലാ അംഗീകൃത ഗ്രന്ഥശാലകളും ഇതിന്റെ പ്രാദേശിക സേവനകേന്ദ്രങ്ങളാവണം. രാജ്യത്തിന്റെ ഏതൊരുകോണിലിരുന്നും ദേശീയഗ്രന്ഥശാലയിലെ ശേഖരം ഉപയോഗപ്പെടുത്താനാകണം. അങ്ങനെ ദേശത്തെ എല്ലാ പൗരൻമാർക്കും ഉപയോഗപ്പെടുന്ന തരത്തിൽ ദേശീയഗ്രന്ഥാലയം സംവിധാനം ചെയ്യണം. മറിച്ച് ഈ രാജ്യത്തെ 99.9% ജനങ്ങൾക്കും ഉപയോഗപ്പെടുത്താനാവാത്ത വിധത്തിലാണ് ഈ ലൈബ്രറി നിലക്കുന്നതെങ്കിൽ അത് എങ്ങനെ ദേശീയ ഗ്രന്ഥാലയമെന്ന പേരിനർഹമാകും.

...ള്ളതിനു പുറത്തുകാണി ൾക്കാഴ്ചയുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

നമ്മുടെ ദേശീയ ഗ്രന്ഥാലയത്തെയും ദേശീയമായ വിജ്ഞാന വിതരണ നയത്തെയും കുറിക്കുന്ന ഒരു കരടുരേഖ രാജാറാം മോഹൻറോയ് ഫൗണ്ടേഷൻ തയ്യാറാക്കിയിരിക്കുകയാണ്. നമ്മുടെ ദേശീയ ഗ്രന്ഥാലയത്തെക്കുറിച്ച് അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങളിലും പഴയതെറ്റുകൾ ഏതാണ്ടെല്ലാം ആവർത്തിക്കപ്പെട്ടിരിക്കുന്നു. ആ തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ ആ നിർദേശങ്ങളെല്ലാം പൊതുചർച്ചയ്ക്ക് വിധേയമക്കേണ്ടതാണ്. അതിൽ നിന്നും ഒരുപക്ഷെ കൂടുതൽ പ്രവർത്തനക്ഷമമായ നിർദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നു വെന്നു വരാം.

ദേശീയ ഗ്രന്ഥാലയം ഉപയോഗപ്പെടുത്തേണ്ടവരെ സംബന്ധിച്ച് പ്രധാനമായ വസ്തുതകൾ ഇന്നോളം അതിനെക്കുറിച്ചുണ്ടായിട്ടുള്ള ചർച്ചകളിലും പഠനങ്ങളിലുമെല്ലാം അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നത് ദു:ഖകരമായ സത്യമാണ്. ദേശത്തെ ഏതൊരാൾക്കും ഉപയോഗിക്കാനാവുന്ന തരത്തിൽ അതിന്റെ സേവനപരിധി വർദ്ധിപ്പിക്കുകയും പ്രവർത്തനം വിപുലമാക്കുകയുമാണ് ദേശീയഗ്രന്ഥാലയം പുനസംവിധാനം ചെയ്യുമ്പോൾ ആദ്യം ശ്രദ്ധിക്കേണ്ട വസ്തുത. മറിച്ച് ഇന്നത്തെതുപോലെ കൽക്കത്തയോ അല്ലെങ്കിൽ ഡൽഹിയോ പോലെ ഒരു നഗരത്തിന്റെ പരിധിക്കുള്ളിൽ മാത്രം ഒതുങ്ങുന്നതാവരുത്. അതിന്റെപ്രവർത്തനരംഗം. അല്ലെങ്കിൽ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയോടെ നിലനിർത്തപ്പെടുന്ന അപൂർണ്ണമായ ഗ്രന്ഥശേഖരവും കൂറ്റൻകെട്ടിടങ്ങളും വിപുലമായ ഉദ്യോഗസ്ഥവൃന്ദവുമുള്ള കൽക്കത്തയിലെ ദേശീയ ഗ്രന്ഥാലയം എന്ന സ്ഥാപനം നമ്മുടെ ഗ്രന്ഥാലയ രംഗത്തെ വീക്ഷണ വൈകല്യത്തിലെ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണമായിത്തന്നെ നിലകൊള്ളും.